# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1705      10.03.2020-ൽ മറുപടിയ്ക്ക്

## ലോക കേരള സഭയുടെ നേട്ടങ്ങൾ

| ചോദ്യം<br>ശ്രീ.കെ.ജെ.മാക്സി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ലോകത്തെ എല്ലാ മലയാളികളെയും സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന്റെ ഭാഗമാക്കാനായി ആരംഭിച്ച ഒന്നാം ലോക കേരള സഭ വഴി നേടിയെടുത്ത പ്രധാന നേട്ടങ്ങൾ എന്തെല്ലാമാണെന്നും രണ്ടാം ലോക കേരള സഭ വഴി നടന്നു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | എ) | കേരളത്തിന്റെ വികസനത്തിനും പ്രവാസികളായ മലയാളികളുടെ ക്ഷേമത്തിനും വേണ്ടി, ഒന്നാം ലോക കേരള സഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് രൂപീകരിച്ച വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകളിൻമേൽ തെരഞ്ഞെടുക്കപ്പെട്ട 10 എണ്ണത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.<br><br>1. <u>എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനി</u><br>പ്രവാസി മലയാളികളിൽ നിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപവത്ക്കരിച്ചു.<br><br>2. <u>എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി</u><br>അപ്പാർട്ടുമെന്റുകൾ, ടൗൺഷിപ്പ് പ്രോജക്ടുകൾ, കോംപ്ലക്സുകൾ, വൃദ്ധസദനങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധകമ്പനിയായി എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനിച്ചു.<br><br>3. <u>പ്രവാസി സഹകരണ സംഘം</u><br>തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തന പരിധിയുള്ള ഒരു സഹകരണസംഘം കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം |

4499 എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

4. വനിത എൻ.ആർ.കെ സെൽ

വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു.

5. എയർപ്പോർട്ടുകളിൽ migration facilitation centre പാസ്സ്പോർട്ട് ഓഫീസുകളിൽ Pre-embarkment Orientation centres

മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും, സാംസ്കാരിക സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും, കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താനും പാസ്സ്പോർട്ട് ഓഫീസ്, എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശ കാര്യ മന്ത്രാലയവും, സിവിൽ ഏവിയേഷൻ മന്ത്രാലയവുമായി സഹകരിച്ച് ഒരു അഡ്വൈസറി സെൽ രൂപീകരിക്കാനുള്ള ശിപാർശകൾ കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

6. നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം

7. അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം

കുടിയേറ്റ കേന്ദ്രത്തിന് രൂപം കൊടുക്കുകയും Centre for Development Studies-ൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

8. പ്രവാസി ആനുകാലിക പ്രസിദ്ധീകരണം

പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം' എന്ന

| | | | |
|---|---|---|---|
| | | | പേരിൽ ആരംഭിച്ചു.<br>രണ്ടാം ലോക കേരള സഭയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചു വരുന്നു. |
| ബി) | ഒന്നും രണ്ടും ലോക കേരള സഭകളിൽ എത്ര രാജ്യങ്ങളിൽ നിന്നും എത്ര പ്രതിനിധികൾ പങ്കെടുത്തു; വിശദാംശം ലഭ്യമാക്കുമോ; | ബി) | ഒന്നാം ലോക കേരള സഭയിൽ 32 രാജ്യങ്ങളിൽ നിന്നും 159 അംഗങ്ങളും 39 പ്രത്യേക ക്ഷണിതാക്കളും പങ്കെടുത്തു. 2020 ജനുവരിയിൽ തിരുവനന്തപുരത്ത് നടന്ന രണ്ടാം ലോക കേരള സഭയിൽ 41 രാജ്യങ്ങളിൽ നിന്നും 147 അംഗങ്ങളും 103 പ്രത്യേക ക്ഷണിതാക്കളും പങ്കെടുത്തു. |
| സി) | പ്രവാസികളുടെ പ്രശ്നങ്ങൾ ഉൾക്കൊള്ളാനും സംസ്ഥാന ആവശ്യങ്ങൾ അവരെ ധരിപ്പിക്കാനും അവരുമായി ആശയവിനിമയം നടത്തി പ്രസ്തുത ആവശ്യങ്ങളിന്മേൽ തുടർനടപടികൾക്കുമായി നാളിതുവരെ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | സി) | പ്രവാസികളുടെ പ്രശ്നങ്ങൾ ഉൾക്കൊള്ളാനും സംസ്ഥാന ആവശ്യങ്ങൾ അവരെ ധരിപ്പിക്കാനും അവരുമായി ആശയ വിനിമയം നടത്തി പ്രസ്തുത ആവശ്യങ്ങളിൻമേൽ തുടർ നടപടികൾക്കുമായി പ്രവാസികൾക്കായി രൂപീകരിച്ച ഒരു പൊതു വേദിയാണ് ലോക കേരള സഭ. ഒന്നാം ലോക കേരള സഭയുടെ ഭാഗമായി ഉരുത്തിരിഞ്ഞ ശിപാർശകളിൽ നടപ്പിലാക്കാൻ കഴിയുന്നവ പ്രാവർത്തികമാക്കിയിട്ടുണ്ട്. 2020 ജനുവരിയിൽ നടന്ന രണ്ടാം ലോക കേരള സഭയിൽ പ്രവാസികളുടെ ഉന്നമനവും സംസ്ഥാനത്തിന്റെ ക്ഷേമവും മുന്നിൽ കണ്ടുകൊണ്ട് ധാരാളം നിർദ്ദേശങ്ങൾ ഉയർന്നു വന്നിരുന്നു. ഈ നിർദ്ദേശങ്ങൾ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ